**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 653** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിലെ ലഹരി വ്യാപനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിൽ സ്ത്രീകളിൽ ഉൾപ്പെടെ ലഹരി വ്യാപനം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പൊതു സമൂഹത്തിൽ നിലനിൽക്കുന്ന ഒരു സാമൂഹ്യതിന്മ എന്ന നിലയിൽ പട്ടികജാതി നഗറുകളിലും ലഹരി വ്യാപനവും അതിന്റെ ദൂഷ്യഫലങ്ങളും നിലനിൽക്കുന്നുണ്ട്. എന്നാൽ പട്ടികജാതി നഗറുകളിൽ സ്ത്രീകളിലെ ലഹരി വ്യാപനം സംബന്ധിച്ച റിപ്പോർട്ടുകളോ പരാതികളോ വകുപ്പിൽ ലഭിച്ചിട്ടില്ല.

പട്ടികവർഗ്ഗ ഉന്നതികളിൽ സ്ത്രീകളിൽ ഉൾപ്പെടെയുള്ള ലഹരി ഉപയോഗം സംബന്ധിച്ച ചില ഒറ്റപ്പെട്ട സംഭവങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകളെ വകുപ്പ് വളരെ ഗൗരവത്തോടെയാണ് കാണുന്നത്. ഇത് പ്രതിരോധിക്കുന്നതിനായി ആരോഗ്യവകുപ്പ്, എക്സൈസ് പോലീസ് വകുപ്പുകളുടെ സഹായത്തോടെ ഇത്തരം മേഖലകളിൽ ഉർജ്ജിതമായ ബോധവത്കരണ പ്രവർത്തനങ്ങളും, ആവശ്യമായ നടപടികളും വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.

**(ബി)** വരുമാനത്തിന്റെ ഭൂരിഭാഗവും ലഹരിക്കായി ഉപയോഗിക്കുന്നത് ഇവരുടെ കുടുംബ ജീവിതത്തെ ബാധിക്കുന്നത് തടയാനായി ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കാമോയെന്ന് വ്യക്തമാക്കാമോ ;

**<u>മറുപടി:</u>**

ലഹരി ഉപയോഗവും അതുമൂലം ഉണ്ടാകുന്ന സാമൂഹ്യ തിന്മകളും സമൂഹത്തിൽ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പട്ടികജാതി വിഭാഗം യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിൽ നിന്നും പരമാവധി അകറ്റി നിർത്തുന്നതിന് കാര്യക്ഷമവും ഫലപ്രദവുമായ നിരവധി മാർഗ്ഗങ്ങൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു.

**<u>സേവ് ക്ലബുകൾ</u>**

ലഹരി വ്യാപനവും ഉപഭോഗവും തടയുന്നതിനായി ഉന്നതികളും നഗറുകളും കേന്ദ്രീകരിച്ച് പട്ടികജാതി വിഭാഗം യുവതി യുവാക്കളെ ഉൾപ്പെടുത്തി ലഹരിയ്ക്കെതിരെ യുവത്വം എന്ന ആശയം മുൻനിർത്തി സേവ് ക്ലബുകൾ രൂപികരിച്ചിട്ടുണ്ട്. (SAVE – Social Action and Voluntry Education).

പട്ടികജാതി നഗറുകളിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ എന്നിവർക്കിടയിലെ ലഹരി ഉപയോഗം പെട്ടെന്ന് കണ്ടെത്തുന്നതിനു തുടക്കത്തിൽ തന്നെ ബോധവത്കരണവും കൗൺസിലിംഗുകളും പോലുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ

സ്വീകരിച്ച് വിമുക്തി സാധ്യമാക്കാൻ സേവ് ക്ലബുകളുടെ പ്രവർത്തനങ്ങൾ നിലവിൽ സഹായകമാണ്.

**<u>വിജ്ഞാൻ വാടികൾ</u>**

പട്ടികജാതി വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര മേഖലകളിലെ പുരോഗതി ലക്ഷ്യമാക്കിയും തൊഴിലന്വേഷകരായ യുവതിയുവാക്കൾക്ക് മതിയായ പിന്തുണ നൽകുന്നതിനുമായി പട്ടികജാതി നഗറുകൾ കേന്ദ്രീകരിച്ച് വിജ്ഞാൻവാടികൾ പ്രവർത്തിച്ചു വരുന്നു.

ലഹരിയ്ക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി വിരുദ്ധ ദിനാചരണങ്ങൾ, ബോധവത്ക്കരണത്തിന്റെ ഭാഗമായുള്ള സെമിനാറുകൾ, രചനാ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് മതിയായ അവബോധനം സൃഷ്ടിക്കുന്നതിന് വിജ്ഞാൻ വാടികളിലൂടെ വകുപ്പ് ശ്രമിച്ചു വരുന്നു.

**<u>ജ്വാല ലീഗൽ സെൽ</u>**

പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ തരത്തിലുള്ള സേവനങ്ങളും ടി ജന വിഭാഗങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പിൽ പ്രവർത്തിച്ചു വരുന്ന ജ്വാല ലീഗൽ സെല്ലിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള കാൾ സെന്ററുമായി ബന്ധപ്പെട്ട് നിയമിച്ചിട്ടുള്ള ലീഗൽ അഡ്വൈസ്സർ, കാൾ സെന്റർ അസിസ്റ്റന്റുമാർ എന്നിവരും ജില്ലകളിൽ നിയമിച്ചിട്ടുള്ള ലീഗൽ കൗൺസിലർമാരും വകുപ്പിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാണ്.

ജില്ലകളിലെ ലീഗൽ കൗൺസിലർമാരുടെയും കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരുടെയും സഹകരണത്തോടെ പട്ടികജാതി കോളനികൾ, വകുപ്പിന്റെ കീഴിലെ വിദ്യാദ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ എന്നിവ സന്ദർശിച്ച് ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളും തന്മൂലം സമൂഹത്തിൽനിന്നും ഉണ്ടാകുന്ന അവഗണനകളെയും നിയമ പരമായി നേരിടേണ്ട ശിക്ഷാ നടപടികളെയും സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു.

പോലീസ്, എക്സ്സൈസ്സ്, എന്നീ വകുപ്പുകളും പട്ടികജാതി വികസന വകുപ്പും സംയുക്തമായി സംഘടിപ്പിയ്ക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരിയ്ക്ക് അടിമയായവരെ തിരിച്ചറിഞ്ഞ് അവരെ ലഹരി ഉപഭോഗത്തിൽ നിന്നും പിൻതിരിപ്പിയ്ക്കുന്നതിന്റെ ഭാഗമായി കൗൺസിലിംഗുകളും ഡീ അഡിക്ഷൻ സെന്ററുകൾ മുഖേനയുള്ള സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽ വരുമാനത്തിന്റെ ഭൂരിഭാഗം ലഹരിക്കായി ഉപയോഗിക്കുന്നത് തടയുന്നതിനായി വിപുലമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കുന്നുണ്ട്.

എക്സ്സൈസ്, പോലീസ്, വനം, തദ്ദേശ ഭരണം, സാമൂഹ്യനീതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബോധവൽക്കര ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്.

മേളകളും ക്യാമ്പുകളും സംഘടിപ്പിക്കുമ്പോൾ ലഹരി ഉപയോഗത്തിനെതിരെയുള്ള വ്യാപക പ്രചാരണ പരിപാടികൾ നടത്തുകയും, സിനിമ/ ഡോക്യുമെന്ററി എന്നിവ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്.

വകുപിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലും ഹോസ്റ്റലുകളിലും കുട്ടികളുടെ മാതാപിതാക്കളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്.

ആരോഗ്യ വകുപ്പിന്റെ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യപ്രശ്നങ്ങളെ കുറിച്ച് ബോധവൽക്കരണം നൽകുന്നുണ്ട്.

**(സി)** ഉന്നതികളിലേക്ക് പുറത്തുനിന്ന് എത്തുന്നവരെ നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്താമോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഉന്നതികളിലേക്ക് എത്തുന്നവരെയും, ലഹരി വ്യാപനവും നിരീക്ഷിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

- നിരോധിത ലഹരി പദാർത്ഥങ്ങൾ ഉന്നതികളിലേക്ക് എത്തുന്നത് തടയുന്നതിന് ഓരോ ജില്ലകളിലും ജില്ലാ ഓഫീസർമാരുടെ നേതൃത്വത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ഊരുകൂട്ട പ്രതിനിധികൾ, പ്രൊമോട്ടർമാർ, ഹെൽത്ത് പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എക്സ്സൈസ്, പോലിസ്, ഫോറസ്റ്റ്

എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കർശനമായ നിരീക്ഷണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ വകുപ്പ് നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**